**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5192 27.06.2019 - ൽ മറുപടിയ്ക്ക്

# മിശ്രവിവാഹിതർക്കുള്ള ആനുകൂല്യങ്ങൾ

ചോദ്യം | മറുപടി

ശ്രീ.പി.കെ.ശശി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശുവികസനവും
വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മിശ്രവിവാഹിതർക്ക് സാമൂഹ്യനീതി വകുപ്പ് മുഖാന്തിരം എന്തെല്ലാം ആനുകൂല്യങ്ങൾ അനുവദിക്കുന്നുണ്ട് എന്ന് വിശദമാക്കാമോ; | (എ) | പട്ടികജാതി/പട്ടികവർഗ്ഗത്തിൽ പെടാത്ത 1,00,000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ള മിശ്രവിവാഹിതരായ ദമ്പതിമാർക്ക് 30,000/- രൂപയുടെ ഒറ്റത്തവണ ധനസഹായം നൽകി വരുന്നു. |
| (ബി) | പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കുവാൻ എന്തെല്ലാം മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ടെന്നും ആർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടതെന്നും വിശദമാക്കാമോ? | (ബി) | മിശ്രവിവാഹിതരായ ദമ്പതികൾ കഴിഞ്ഞ ഒരു വർഷമായി ഒരുമിച്ച് താമസിച്ചു വരികയാണെന്നുള്ള കോ-ലിവിംഗ് സർട്ടിഫിക്കറ്റ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള അല്ലെങ്കിൽ സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരമുള്ള വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്, മിശ്രവിവാഹ ദമ്പതിമാരുടെ ജാതി തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് എന്നിവ സഹിതം മിശ്രവിവാഹ ധനസഹായത്തിനു വേണ്ടിയുള്ള പൂരിപ്പിച്ച അപേക്ഷാഫോറം |

| | | | |
|---|---|---|---|
| | | | വിവാഹശേഷം ഒരു വർഷം കഴിഞ്ഞ് രണ്ടു വർഷത്തിനുള്ളിൽ ജില്ലാസാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. |

**സെക്ഷൻ ഓഫീസർ**